ആളായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനങ്ങൾ തിരിച്ചുള്ള ലിസ്റ്റുകൾ 1950-ൽ മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ എന്നിരിക്കെ 1950-നുമുമ്പ് കുടിയേറിയവരെ സംബന്ധിച്ച് ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നിബന്ധന നടപ്പിലാക്കുന്നതിൽ പ്രായോഗിക വൈഷമ്യം ഉള്ളതായി ഗവണ്മെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഈ കാര്യം കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രായോഗികമായി ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് അറിയിക്കുകയും ചെയ്തിട്ടും ഇതുവരെയും മറുപടി കിട്ടുന്നില്ല. ഒരു വശത്ത് 1950-ലെ ലിസ്റ്റ് പ്രകാരം എന്ന് വ്യക്തമാക്കുന്നുവെങ്കിലും അങ്ങനെയുള്ള റിക്കാർഡുകൾ ഇല്ലാത്തതിന് എന്തുവേണമെന്നതിനെ സംബന്ധിച്ച് കേന്ദ്ര മന്ത്രാലയം നിശ്ശബ്ദരായിരിക്കുകയാണ്. അതുകൊണ്ട് 1950-നുമുമ്പ് സംസ്ഥാനത്ത് കുടിയേറിയവരാണെന്ന് തെളിയിക്കാൻ രേഖകളില്ലാത്തതിനാൽ മാത്രം പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നില്ലെന്ന് വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാക്കുന്നതിനും പരമാവധി ശ്രമിക്കുന്നതാണ്. ഇന്ന് ഇവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

4. ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തന പുരോഗതി

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിയ എം.എൽ.എ.-മാർക്കുള്ള ആസ്തിവികസന ഫണ്ട് സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസനരംഗത്ത് വളരെയധികം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷംകൊണ്ട് ഏതാണ്ട് 2,800 കോടി രൂപയുടെ വികസന നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിലൂടെ സാധ്യമായത്. നിയമസഭയുടെ കാലാവധി പൂർത്തിയാകുന്ന വർഷമെന്നുള്ള നിലയിൽ ഈ പദ്ധതിപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതിന്റെയും ഏറ്റെടുത്ത മുഴുവൻ പ്രവർത്തനങ്ങളും സമയബന്ധിതമായി പരമാവധി ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതിന്റെയും ആവശ്യകതയെപ്പറ്റി സർക്കാരിന്റെ സത്വരശ്രദ്ധ ക്ഷണിക്കുകയാണ്. നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ നടത്തിപ്പിൽ ഏറ്റവും വലിയ തടസ്സമായി കാണുന്നത് പ്രസ്തുത വികസന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ജില്ലാതലത്തിൽ ഒരു സംവിധാനം ഇല്ലെന്നുള്ളതാണ്. അതേസമയം എം.എൽ.എ.-മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ ജില്ലാ കളക്ടറേറ്റ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ തലത്തിൽ മോണിറ്റർ ചെയ്യുന്നതിന് ഒരു സംവിധാനം ഇപ്പോഴുണ്ട്. അതേസമയം അതിനേക്കാൾ ഏതാണ്ട് അഞ്ചിരട്ടി തുക ചെലവിടുന്ന അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പ്രവർത്തനങ്ങൾ യഥാസമയം നിരീക്ഷിക്കാൻ വ്യവസ്ഥാപിതമായിട്ടുള്ള മാർഗ്ഗമില്ലായെന്നുള്ളത് ഇതിന്റെ പ്രധാന തടസ്സമാണ്. ആസ്തിവികസന ഫണ്ട് പ്രകാരമുള്ള പദ്ധതികൾ സംസ്ഥാനത്ത് പ്ലാൻ ഫണ്ടിന്റെ പരിധിയിൽ വരുന്നതിനാൽ ഈ പദ്ധതിയുടെ പുരോഗതി നിരീക്ഷണത്തിന് ജില്ലാ പ്ലാനിംഗ് ഓഫീസ് കേന്ദ്രമാക്കി പ്രത്യേക സംവിധാനം രൂപീകരിക്കുന്നത് വളരെ സഹായകരമായിരിക്കും. അതുപോലെ വളരെ ഗൗരവമുള്ള കാര്യമാണ് അസറ്റ് ഡെവലപ്മെന്റ് പദ്ധതി അനുസരിച്ചുള്ള പ്രവൃത്തികളുടെ പേമെന്റ് സംവിധാനത്തിൽ നിലവിലുള്ള അസാധാരണമായ കാലതാമസം. അതായത് അസറ്റ് ഫണ്ട് വർക്കുകളുടെ ബില്ലുകൾ മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ വർക്കുകളോടൊപ്പം പൊതു സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മിക്ക പ്രവൃത്തികളും മുടങ്ങിക്കിടക്കുകയാണ്. കോൺട്രാക്ടർമാർക്ക് ധാരാളം കടിശ്ശിക കിട്ടാനുള്ളതുകൊണ്ടും ഇതിന് പ്രയോറിറ്റി ഇല്ലാത്തതുകൊണ്ടും രണ്ടുംമൂന്നും തവണ ടെണ്ടർ വിളിച്ചാൽപ്പോലും എടുക്കാൻ ആളില്ലാത്ത സ്ഥിതിയാണ്. ഞാൻ മനസ്സിലാക്കുന്നത് സംസ്ഥാനത്ത് മുഴുവൻ ഈ പ്രശ്നങ്ങൾ നിലവിലുണ്ട് എന്നുള്ളതാണ്. എനിക്ക് ചെറിയ ചില നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ളത്, നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും എല്ലാമാസവും എം.എൽ.എ.-മാർ, ജില്ലാ കളക്ടർ, നിർവ്വഹണ ഏജൻസികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് മോണിറ്ററിംഗ് കമ്മിറ്റികൾ വിളിച്ചുചേർക്കേണ്ടതുമാണ്. അതുപോലെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിപ്രകാരമുള്ള പേമെന്റുകൾക്കായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് സീനിയോറിറ്റി സംവിധാനം നടപ്പിലാക്കി മുഴുവൻ ബില്ലുകളും സമയബന്ധിതമായി പാസ്സാക്കണം. നിയമസഭയുടെ കാലാവധി അവസാനിക്കുന്ന വർഷമെന്നുള്ള നിലയിൽ 2015-16 വർഷത്തെ മുഴുവൻ പദ്ധതികളുടെയും ഭരണാനുമതി 2015 ആഗസ്റ്റ് മാസം 31-ാം തീയതിക്കുമുമ്പായി പൂർത്തീകരിക്കുന്നതിന് ഫലപ്രദമായിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രായോഗികമായിട്ടുള്ള ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പക്ഷെ, നിലവിലുള്ള സംവിധാനമനുസരിച്ച് മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്. ഒരു വർഷം 705 കോടി രൂപയാണ് ആസ്തിവികസന ഫണ്ടായി വരുന്നത്. പദ്ധതിയിതര വിഭാഗത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഇത് പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വരുന്നില്ല. ആസ്തിവികസന ഫണ്ടിന്റെ എ.എസ്. കൊടുക്കേണ്ടതും ഭരണ നിർവ്വഹണ ചുമതല വഹിക്കുന്നതും അതാത് വകുപ്പുതലവൻമാരാണ്. ഏതു വകുപ്പിലേയ്ക്കാണോ എഴുതിക്കൊടുക്കുന്നത് ആ വകുപ്പിന്റെ തലവനാണ് അതുസംബന്ധിച്ച കാര്യങ്ങൾ നോക്കേണ്ടത്. ആസ്തിവികസന പദ്ധതിയുടെ കീഴിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അതാത് വകുപ്പുകൾക്കുവേണ്ടി വെവ്വേറെ ഹെഡ് ഓഫ് അക്കൗണ്ടുകളാണ് നിലവിലുള്ളത്. വിവിധ വകുപ്പുകളുടെ കീഴിൽ ചെലവുകൾ വകയിരുത്തുന്നതിനായി പൊതുവായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് തുറക്കുന്നത് പ്രായോഗികമല്ല. ആസ്തിവികസന ഫണ്ട് ഒന്നായി കണ്ടുകൊണ്ട് അതിനൊരു പ്രത്യേക അക്കൗണ്ട് തുറക്കുന്നത് പ്രായോഗികമല്ലാതെ വരികയും ഏത് വകുപ്പിലേയ്ക്കാണോ എം.എൽ.എ.-മാർ എഴുതിക്കൊടുക്കുന്നത് ആ വകുപ്പിന്റെ കീഴിലുള്ള ഒരു വർക്കായിവരികയും ചെയ്യും. ആ വകുപ്പിന്റെ കീഴിലുള്ള ഒരു വർക്ക് നടപ്പിലാക്കുന്നതിന് എന്തൊക്കെയാണോ നടപടിക്രമങ്ങൾ അതെല്ലാം പാലിച്ചുകൊണ്ടായിരിക്കും നടപടി എടുക്കുന്നത്. പൊതുമരാമത്ത്, ജലസേചനം, വനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ നാല് വകുപ്പുകളുടെ ബില്ലുകൾ നിലവിൽ മറ്റു വർക്കുകൾക്കൊപ്പം സീനിയോറിറ്റി സംവിധാനത്തിൽ പരിഗണിക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള സീനിയോറിറ്റിയുടെ പ്രശ്നവുമുണ്ട്. അങ്ങനെ വരുമ്പോൾ കോൺട്രാക്ടർമാർക്ക് ബുദ്ധിമുട്ടുണ്ടാകും. പക്ഷെ അത് ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽനിന്ന് ആസ്തിവികസന ഫണ്ടിന് ഇളവ് കിട്ടുമോയെന്ന കാര്യം നിയമപരമായി, അതായത് ഇവിടെ പ്രകടിപ്പിച്ച വികാരങ്ങൾ ഒരു അപേക്ഷയിലൂടെ കോടതിയെ

അറിയിച്ച് മാറ്റമുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കുന്നതാണ്. ആസ്തിവികസന ഫണ്ടിന്റെ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് വകുപ്പദ്ധ്യക്ഷൻമാർക്ക് വ്യക്തമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതാണ്.

5. കോട്ടയം ടെക്സ്റ്റൈയിൽസ് നേരിടുന്ന പ്രതിസന്ധി

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. 300 -ഓളം പുരുഷ-വനിതാ ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്. ഈ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ raw material (പഞ്ഞി) ഇല്ലാതായിട്ട് മാസങ്ങൾ കഴിയുകയാണ്. ലാഭകരമായി പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണിത്. പഞ്ഞി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് തൊഴിലാളിസംഘടനകൾ പല പ്രാവശ്യം ഗവൺമെന്റിനെ സമീപിച്ചു. കേരളത്തിലെ വിവിധ മില്ലുകളിൽ ഈ പ്രശ്നം നിലനിൽക്കുന്നുവെന്നുള്ളത് വസ്തുതയാണ്. സംസ്ഥാനത്തൊട്ടാകെ ഈ പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടേണ്ടതായിട്ടുണ്ട്. കാലങ്ങളായി നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമെന്ന നിലയിൽ കോട്ടയം ടെക്സ്റ്റയിൽസിലെ പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് ഗവൺമെന്റ് അനുവദിക്കേണ്ടതായിട്ടുണ്ട്. അതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഫണ്ട് കിട്ടുന്നതോടൊപ്പം തൊഴിലാളികളിൽ നിന്നും പിരിച്ച പി.എഫ്. വിഹിതത്തിൽ ഏതാണ്ട് ഒരു കോടിയോളം രൂപയും ഇ.എസ്.ഐ., എൽ.ഐ.സി., സൊസൈറ്റി, ഗ്രാറ്റുവിറ്റി ഇവയ്ക്കെല്ലാം ചേർത്ത് ഏതാണ്ട് 25 ലക്ഷം രൂപയും അടയ്ക്കാനുണ്ട്. ഇത്തരം കാര്യങ്ങൾക്കൊന്നും ഒരു പരിഹാരവുമാകുന്നില്ലെന്ന പ്രതിസന്ധിയും നിലനിൽക്കുകയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഫണ്ട് അനുവദിക്കുവാനുള്ള നടപടി വ്യവസായ വകുപ്പിൽനിന്നും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോട്ടയം ടെക്സ്റ്റൈയിൽസിന് 24 ഏക്കർ സ്ഥലമാണ് മൊത്തത്തിലുള്ളത്. 10 ഏക്കർ സ്ഥലത്താണ് കമ്പനി സ്ഥിതി ചെയ്യുന്നത്. ബാക്കി വരുന്ന സ്ഥലം വെറുതേ കിടക്കുകയാണ്. ഈ സ്ഥലം പ്രയോജനപ്പെടുത്തി വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു സംരംഭം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഞങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഒരു നെയ്ത്തുശാല ആരംഭിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ മുഴുവൻ സർക്കാർ സ്കൂളുകളിലെയും കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന

LIBRARY ARCHIVES Kerala Legislative Assembly